# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3794 | 15.03.2017 - ൽ മറുപടിയ്ക്ക് |
|---|---|

## സിമന്റിന് അമിത വില

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ. ശശി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് സിമന്റ് കച്ചവടക്കാർ മറ്റ് സംസ്ഥാനത്തുള്ളതിനേക്കാൾ കൂടിയ വില സിമന്റിന് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് വിപണനം നടത്തുന്നവയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നതും വിദേശ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നവയും സംസ്ഥാനത്തുള്ള സിമന്റ് കമ്പനികൾ ഉത്പാദിപ്പിക്കുന്നതുമായ സിമന്റിന്റെ വില എത്രയെന്ന് കമ്പനി തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (ബി) | വ്യാപാരികൾ വാണിജ്യ നികുതി വകുപ്പിൽ സമർപ്പിക്കുന്ന റിട്ടേണുകളിൽ അളവിനെ (ക്വാണ്ടിറ്റി) സംബന്ധിച്ചുള്ള വിവരങ്ങൾ സമർപ്പിക്കേണ്ടതില്ലാത്തതിനാൽ കമ്പനി തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. |
| (സി) | സിമന്റിന് അമിതവില ഈടാക്കുന്നത് സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ നിർമ്മാണപ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സംസ്ഥാനത്ത് സിമന്റിന് വില നിയന്ത്രണമോ ഏകീകൃത വില സമ്പ്രദായമോ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ